

# ഖുർആൻ ബോധനം

724

എ.വൈ.ആർ

സൂറ-18

# അൽ കഹ്ഫ്

۞وَتَرَكْنَا بَعْضَهُمْ يَوْمَئِذٍ يَمُوجُ فِي بَعْضٍ ۖ وَنُفِخَ فِي الصُّورِ فَجَمَعْنَاهُمْ جَمْعًا ﴿٩٩﴾

**99.** അന്നാളിൽ ജനത്തെ നാം തിരമാലകളെ ന്നോണം മേൽക്കുമേൽ ഇരമ്പിക്കയറാൻ വിട്ട യക്കുന്നതാകുന്നു. കാഹളം മുഴക്കപ്പെടുന്നു. അപ്പോൾ മർത്ത്യരെയൊക്കെയും നാം ഒറ്റ സഭ യായി ഒരുമിച്ചുകൂട്ടുന്നു.

وَعَرَضْنَا جَهَنَّمَ يَوْمَئِذٍ لِّلْكَافِرِينَ عَرْضًا ﴿١٠٠﴾

**100.** സത്യ-ധർമങ്ങൾ നിഷേധിച്ചവർക്ക് അന്ന് നരകം നേരിൽ കാട്ടിക്കൊടുക്കുന്നു.

الَّذِينَ كَانَتْ أَعْيُنُهُمْ فِي غِطَاءٍ عَن ذِكْرِي وَكَانُوا لَا يَسْتَطِيعُونَ سَمْعًا ﴿١٠١﴾

**101.** അവരുടെ ദൃഷ്ടികൾ എന്റെ ഉദ്ബോധന ങ്ങളോട് അന്ധതയിലായിരുന്നുവല്ലോ. അതു കേൾക്കാനേ അവർ തയാറായിരുന്നില്ല.

أَفَحَسِبَ الَّذِينَ كَفَرُوا أَن يَتَّخِذُوا عِبَادِي مِن دُونِي أَوْلِيَاءَ ۚ إِنَّا أَعْتَدْنَا جَهَنَّمَ لِلْكَافِرِينَ نُزُلًا ﴿١٠٢﴾

**102.** സത്യനിഷേധം കൈക്കൊണ്ടവർ വിചാരി ക്കുന്നുവോ; എന്നെ വെടിഞ്ഞ് എന്റെ അടിമ കളെ തങ്ങളുടെ രക്ഷകരാക്കിക്കളയാമെന്ന്?! ഇത്തരം സത്യനിഷേധികൾക്ക് സൽകാരമായി നാം നരകം ഒരുക്കിവെച്ചിരിക്കുന്നു.

قُلْ هَلْ نُنَبِّئُكُم بِالْأَخْسَرِينَ أَعْمَالًا ﴿١٠٣﴾

**103.** പ്രവാചകൻ അവരോടു പറയുക: സ്വകർമ ങ്ങൾ ഏറ്റം നഷ്ടകരമായി ഭവിക്കുന്നവരാരെന്നു നാം പറഞ്ഞു തരട്ടെയോ?

الَّذِينَ ضَلَّ سَعْيُهُمْ فِي الْحَيَاةِ الدُّنْيَا وَهُمْ يَحْسَبُونَ أَنَّهُمْ يُحْسِنُونَ صُنْعًا ﴿١٠٤﴾

**104.** ഭൗതിക ജീവിതത്തിൽ പ്രയത്നങ്ങൾ പിഴ ച്ചുപോയവരും എന്നാൽ തങ്ങൾ ചെയ്യുന്നതൊ ക്കെയും നന്മകളെന്ന് ഭാവിക്കുന്നവരുമത്രെ അത്.

أُولَٰئِكَ الَّذِينَ كَفَرُوا بِآيَاتِ رَبِّهِمْ وَلِقَائِهِ فَحَبِطَتْ أَعْمَالُهُمْ فَلَا نُقِيمُ لَهُمْ يَوْمَ الْقِيَامَةِ وَزْنًا ﴿١٠٥﴾

**105.** വിധാതാവിന്റെ സൂക്തങ്ങളെയും ഒരു നാൾ അവനെ കണ്ടുമുട്ടുന്നതിനെയും നിഷേധിച്ചവ രാണവർ. അതിനാൽ അവരുടെ കർമങ്ങളൊ ക്കെയും നശിച്ചുപോയി. ഉയിർത്തെഴുന്നേൽപ്പു നാളിൽ നാം അവക്ക് ഒരു തൂക്കവും കൽപ്പി ക്കുന്നതല്ല.

ذَٰلِكَ جَزَاؤُهُمْ جَهَنَّمُ بِمَا كَفَرُوا وَاتَّخَذُوا آيَاتِي وَرُسُلِي هُزُوًا ﴿١٠٦﴾

**106.** അതത്രെ, സത്യ-ധർമങ്ങൾ നിഷേധിച്ചതി നും, എന്റെ സൂക്തങ്ങളെയും ദൂതന്മാരെയും പരിഹസിച്ചുതള്ളിയതിനും അവർക്കു പ്രതിഫ ലമായിട്ടുള്ള നരകം.

وَتَرَكْنَا= നാം ഉപേക്ഷിച്ചു(വിട്ടയക്കുന്നു)
بَعْضَهُمْ يَوْمَئِذٍ يَمُوجُ فِى بَعْضٍ= അന്നാളില്‍ അവരില്‍ ചിലര്‍ ചിലരില്‍ തിരയടിക്കും
(തിരമാലകളെന്നോണം മേല്‍ക്കുമേല്‍ ഇരമ്പിക്കയറാന്‍)
وَنُفِخَ = ഊതപ്പെട്ടു (മുഴക്കപ്പെടുന്നു) فِى ٱلصُّورِ = കാഹളത്തില്‍
فَجَمَعْنَـٰهُمْ = നാം അവരെ (മര്‍ത്യരെയൊക്കെയും) ഒരുമിച്ചു കൂട്ടി(ട്ടുന്നു)
جَمْعًا= ഒരു ഒരുമിച്ചു കൂട്ടല്‍ (ഒറ്റ സഭയായി) وَعَرَضْنَا= നാം പ്രദര്‍ശിപ്പിച്ചു (കാട്ടിക്കൊടുക്കുന്നു)
جَهَنَّمَ = നരകത്തെ يَوْمَئِذٍ= അന്ന് لِّلْكَـٰفِرِينَ = സത്യധര്‍മങ്ങള്‍ നിഷേധിച്ചവര്‍ക്ക്
عَرْضًا= ഒരു കാട്ടിക്കൊടുക്കല്‍(നേരില്‍) ٱلَّذِينَ = യാതൊരു കൂട്ടര്‍ كَانَتْ أَعْيُنُهُمْ = അവരുടെ ദൃഷ്ടികള്‍ ആയിരുന്നു(വല്ലോ)
فِى غِطَآءٍ = ആവരണത്തിന് ഉള്ളില്‍ (അന്ധതയില്‍) عَن ذِكْرِى = മൂടിക്ക്, എന്റെ ഉദ്ബോധനത്തോട്, സ്മരണയോട്
وَكَانُوا۟ لَا يَسْتَطِيعُونَ = അവര്‍ കഴിയാത്തവരായിരുന്നു (തയാറായിരുന്നില്ല) سَمْعًا= കേള്‍വിക്ക് (അതു കോള്‍ക്കാനേ)
أَفَحَسِبَ ٱلَّذِينَ كَفَرُوٓا۟= സത്യനിഷേധം കൈകൊണ്ടവര്‍ വിചാരിച്ചു(ക്കുന്നു)വോ
أَن يَتَّخِذُوا۟= അവര്‍ സ്വീകരിക്കാന്‍ (ആക്കിക്കളയാമെന്ന്) عِبَادِى= എന്റെ അടിമകളെ مِن دُونِىٓ = എന്നെ വെടിഞ്ഞ്, കൂടാതെ
أَوْلِيَآءَ = രക്ഷകര്‍ إِنَّآ أَعْتَدْنَا= നാം ഒരുക്കിവെച്ചിരിക്കുന്നു جَهَنَّمَ = നരകത്തെ لِلْكَـٰفِرِينَ = (ഇത്തരം) സത്യനിഷേധികള്‍ക്ക്
نُزُلًا= സല്‍ക്കാരമായിട്ട് قُلْ = നീ(പ്രവാചകന്‍) പറയുക هَلْ نُنَبِّئُكُم = നാം നിങ്ങള്‍ക്ക് പറഞ്ഞുതരട്ടെയോ
بِٱلْأَخْسَرِينَ = ഏറ്റം നഷ്ടപ്പെട്ടവരെ (നഷ്ടകരമായി ഭവിക്കുന്നവര്‍ ആരെന്ന്) أَعْمَـٰلًا = കര്‍മത്താല്‍ (സ്വകര്‍മങ്ങള്‍)
ٱلَّذِينَ ضَلَّ سَعْيُهُمْ = അത് സ്വന്തം പ്രയത്നങ്ങള്‍ പിഴച്ചുപോയവരത്രെ(രും) فِى ٱلْحَيَوٰةِ ٱلدُّنْيَا = ഭൗതിക ജീവിതത്തില്‍
وَهُمْ = എന്നാല്‍ അവര്‍ يَحْسَبُونَ = അവര്‍ ഭാവിക്കുന്നു(ന്നവരും)
أَنَّهُمْ يُحْسِنُونَ صُنْعًا= തീര്‍ച്ചയായും അവര്‍ നിര്‍മാണത്താല്‍ നന്മ ചെയ്യുന്നുവെന്ന്
(തങ്ങള്‍ ചെയ്യുന്നതൊക്കെയും നന്മകളെന്ന്)
أُو۟لَـٰٓئِكَ = അക്കൂട്ടര്‍ ٱلَّذِينَ كَفَرُوا۟ بِـَٔايَـٰتِ رَبِّهِمْ = അവരുടെ വിധാതാവിന്റെ സൂക്തങ്ങളെ നിഷേധിച്ചവരാണ്
وَلِقَآئِهِۦ= അവനെ കണ്ടുമുട്ടുന്നതിനെയും فَحَبِطَتْ = നശിച്ചുപോയി, പാഴായി أَعْمَـٰلُهُمْ = അവരുടെ കര്‍മങ്ങള്‍(ഒക്കെയും)
فَلَا نُقِيمُ لَهُمْ = നാം അവര്‍ക്ക് നിലനിര്‍ത്തുകയില്ല(കല്‍പ്പിക്കുകയില്ല) يَوْمَ ٱلْقِيَـٰمَةِ = ഉയിര്‍ത്തെഴുന്നേല്‍പ്പുനാളില്‍
وَزْنًا= യാതൊരു തൂക്ക(വും) ذَٰلِكَ = അതത്രെ جَزَآؤُهُمْ = അവര്‍ക്കു പ്രതിഫലം(ആയിട്ടുള്ള) جَهَنَّمُ=
بِمَا كَفَرُوا۟= അവര്‍ സത്യധര്‍മങ്ങള്‍ നിഷേധിച്ചതിന്ന് وَٱتَّخَذُوٓا۟= അവര്‍ കൈക്കൊണ്ടതിനും
ءَايَـٰتِى = എന്റെ സൂക്തങ്ങളെ وَرُسُلِى = എന്റെ ദൂതന്മാരെയും هُزُوًا= പരിഹാസമായി(സിച്ചു തള്ളിയതിനും)

**99.** സൂറഃ സമാപനത്തിലേക്കു കടക്കുകയാണ്. വേദത്തെയും പ്രവാചകത്വത്തെയും മനുഷ്യന്റെ കര്‍മജീവിതത്തെയും ലോകാവസാനത്തെയും കുറിച്ചുപറഞ്ഞുകൊണ്ടാണല്ലോ സൂറഃ ആരംഭിച്ചത്. അതേ വിഷയങ്ങള്‍തന്നെ ഉജ്ജ്വലമായ ശൈലിയില്‍ ആവര്‍ത്തിച്ചുകൊണ്ടാണ് സമാപനം. കഴിഞ്ഞ സൂക്തത്തില്‍ ദുല്‍ഖര്‍നൈനി അല്ലാഹുവിന്റെ വാഗ്ദത്ത സമയത്തെ (അന്ത്യനാളിനെ) കുറിച്ച് وَعْدُ رَبِّى എന്നുപറയുന്നുണ്ടല്ലോ. അതിനോട് ബന്ധിപ്പിച്ചുകൊണ്ട് അന്ത്യനാളിന്റെ ഭയാനകത വര്‍ണിക്കുകയാണ്. അന്ത്യനാളടുത്താല്‍ ജനസമൂഹങ്ങള്‍ തിരമാലകള്‍ കണക്കെ മേല്‍ക്കുമേല്‍ ഇരമ്പിക്കയറിക്കൊണ്ടിരിക്കും. വംശങ്ങളും ഗോത്രങ്ങളുമൊക്കെ പരസ്പരം കൂടിക്കലര്‍ന്ന് മിശ്രിതമാകും. കലാപവും രക്തച്ചൊരിച്ചിലും പരക്കെ നടമാടും. ലോകാവസാനത്തിന്റെ കാഹളം മുഴങ്ങും. അപ്പോള്‍ എല്ലാ ജീവജാലങ്ങളും ഭയവിഹ്വലരാകും. പിന്നെ എല്ലാവരും മരിച്ചുവീഴും. പിന്നെ ഉയിര്‍ത്തെഴുന്നേല്‍ക്കും. അപ്പോള്‍ മനുഷ്യവര്‍ഗത്തെയാസകലം അല്ലാഹു ഒരൊറ്റ സഭയായി ഒരുമിച്ചുകൂട്ടും. ഈ ലോകത്ത് സത്യവും ധര്‍മവും നീതിയുമെല്ലാം നിഷേധിച്ച് വാണവര്‍ക്ക് അന്ന് നരകം നേരില്‍ കാണിച്ചുകൊടുക്കും. നരകമുണ്ടെങ്കില്‍ അതൊന്നു കാട്ടിത്തന്നാട്ടെ എന്നു വെല്ലുവിളിച്ചിരുന്നവരാണവര്‍. നരകവും സ്വര്‍ഗവുമൊക്കെ അന്ധവിശ്വാസങ്ങളാണ്, കെട്ടുകഥകളാണ്, വ്യാമോഹമാണ്, അടിസ്ഥാനരഹിതമായ ഭയമാണ് എന്നൊക്കെ പറഞ്ഞ് പുഛിച്ചുതള്ളിയിരുന്നവര്‍. അതിന്റെ യാഥാര്‍ഥ്യത്തെക്കുറിച്ച് ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്ന ദൈവികസൂക്തങ്ങളും, പ്രവാചക പ്രവചനങ്ങളും കാണാനോ കേള്‍ക്കാനോ അവര്‍ തയാറായി

രുന്നില്ല. ഇന്നിതാ അവർ വെല്ലുവിളിക്കുകയും പുഛിച്ചുതള്ളുകയും ചെയ്തിരുന്ന ആ നരകം മൂർത്ത യാഥാർഥ്യമായി അവരുടെ മുമ്പിൽ വന്നുനിൽക്കുന്നു.

ലോകാവസാനം അറിയിക്കുന്ന ഒന്നാമത്തെ ഊത്തിനു ശേഷമാണ് ജനങ്ങൾ പരസ്പരം തിരമാലകൾ പോലെ ഇരമ്പിക്കയറുക എന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കാരണം തുടർന്നുപറയുന്നത് ഉയിർത്തെഴുന്നേൽപ്പു സംഭവിക്കുന്ന രണ്ടാമത്തെയോ മൂന്നാമത്തെയോ ഊത്തിനെക്കുറിച്ചാണ്. ആ സന്ദർഭത്തെയാണ് بَعْضَهُمْ يَوْمَئِذٍ يَمُوجُ فِى بَعْضٍ എന്നു വർണിക്കുന്നതെങ്കിൽ, അത് പരസ്പരം അക്രമിക്കാനോ കീഴടക്കാനോ ഉള്ള ഇരമ്പിക്കയറലായിരിക്കുകയില്ല. ഭയവിഹ്വലതയാൽ എന്തുചെയ്യണമെന്നറിയാതെയുള്ള വെപ്രാളവും കോലാഹലവുമായിരിക്കും. ഇമാം ഖുർത്വുബിയെപ്പോലുള്ള ചില പണ്ഡിതന്മാർ ഈ സൂക്തത്തിലെ يَوْمَئِذٍ -അന്നാൾ-നെ ദുൽഖർനൈൻ ഭിത്തി നിർമാണം പൂർത്തിയാക്കിയ നാളായിട്ടാണ് കണക്കാക്കുന്നത്. അവരുടെ വിശദീകരണം ഇങ്ങനെ: അന്നുമുതൽ പുറംലോകത്തെ ആക്രമിക്കാൻ കഴിയാതെ മതിൽകെട്ടിനുള്ളിൽ കുടുങ്ങിയ യഅ്ജൂജ്-മഅ്ജൂജുകൾ പരസ്പരം ആക്രമിക്കാനും കീഴടക്കാനും തുടങ്ങി. ലോകാവസാനം വരെ അതു തുടർന്നുകൊണ്ടിരിക്കും. പക്ഷേ ഈ സൂക്തത്തിന്റെ മുമ്പും പിമ്പുമുള്ള സൂക്തങ്ങൾ ഇതുലോകാവസാനവുമായി ബന്ധപ്പെട്ട സംഭവമാണെന്ന നിഗമനത്തെയാണ് ബലപ്പെടുത്തുന്നത്.

ലോകാവസാനവുമായി ബന്ധപ്പെട്ടത് എന്നുപറയുമ്പോൾ ആദ്യത്തെ കാഹളം മുഴങ്ങുമ്പോൾ സംഭവിക്കുന്നത് എന്നു കരുതേണ്ടതില്ല. ഖുർആന്റെ ഭാഷയിൽ മുഹമ്മദീയ പ്രവാചകത്വം തന്നെ അന്ത്യനാളിനോടടുത്ത കാലമാണ്. ഖുർആൻ അക്കാലത്തെ മനുഷ്യരോടു പറയുന്നു: اَقْتَرَبَ لِلنَّاسِ حِسَابُهُمْ (മനുഷ്യർക്ക് അവരുടെ വിചാരണാനാൾ അടുത്തിരിക്കുന്നു-21:1). اَقْتَرَبَتِ السَّاعَةُ وَانْشَقَّ الْقَمَرُ -ലോകാവസാന വേള അടുത്തുകഴിഞ്ഞു. ചന്ദ്രൻ പിളർന്നിരിക്കുന്നു-54:1). പ്രവാചക കാലത്തും അതിനുശേഷവുമുണ്ടാകുന്ന സംഭവങ്ങളെ ഖുർആൻ അന്ത്യനാളുമായി അടുത്ത സംഭവങ്ങളായിട്ടാണ് കാണുന്നത്. يَوْمَئِذٍ-ആ നാൾ മനുഷ്യന്റെ കണക്കിലുള്ള ഒരു ദിവസമാവണമെന്നില്ല. അല്ലാഹുവിന്റെ ഒരു ദിനം മനുഷ്യന്റെ കണക്കിലുള്ള സഹസ്രാബ്ദങ്ങളെക്കാൾ വിശാലമാണ്: കൂടാതെ സൂറത്തുൽ അമ്പിയാഅ് 96-97 സൂക്തങ്ങളിൽ പറയുന്നു:

حَتَّىٰٓ إِذَا فُتِحَتْ يَأْجُوجُ وَمَأْجُوجُ وَهُم مِّن كُلِّ حَدَبٍ يَنسِلُونَ ﴿٩٦﴾

وَاقْتَرَبَ الْوَعْدُ الْحَقُّ

(യഅ്ജൂജ് മഅ്ജൂജ് തുറന്നുവിടപ്പെടുകയും അവർ സകല പീഠസ്ഥലികളിൽനിന്നും കുതിച്ചെത്തുകയും സത്യവാഗ്ദാനത്തിന്റെ പൂർത്തീകരണവേള ആസന്നമാവുകയും ചെയ്യുന്നതുവരെ). സത്യവാഗ്ദാനത്തിന്റെ പൂർത്തീകരണം കൊണ്ടുദ്ദേശ്യം ലോകാവസാനത്തിന്റെ ആഗമനമാണ്. അന്നല്ല, അതിനോടടുത്ത കാലത്താണ് യഅ്ജൂജ്-മഅ്ജൂജിന്റെ ഭീകരമായ പുറപ്പാടുണ്ടാവുക എന്നാണീ സൂക്തങ്ങൾ സൂചിപ്പിക്കുന്നത്. പ്രവാചകന്റെ കാലത്തുതന്നെ യഅ്ജൂജ്-മഅ്ജൂജുകൾ മതിലിനു ദ്വാരമുണ്ടാക്കിയതായി നേരത്തെ സൂചിപ്പിച്ച ഹദീസിൽ പറയുന്നുണ്ടല്ലോ. ബുഖാരിയും മുസ്‌ലിമും പ്രവാചക പത്നി സൈനബ് ബിൻതു ജഹ്ശിൽനിന്നുദ്ധരിക്കുന്ന നിവേദനത്തിൽ ഇപ്രകാരം കൂടിയുണ്ട്. "ഞാൻ ചോദിച്ചു: 'ഞങ്ങളും നശിപ്പിക്കപ്പെടുമോ, ഞങ്ങളിൽ സജ്ജനങ്ങളുണ്ടായിരിക്കെ?' തിരുമേനി പറഞ്ഞു: 'അതെ നശിപ്പിക്കപ്പെടും; തിന്മ പെരുത്താൽ." ഈ ദ്വാരം ക്രമേണ വലുതാവുകയും അതുവഴി താർത്താരികളും മംഗോളിയരും ഇസ്‌ലാമിക ലോകത്തേക്ക് ഇരച്ചുകയറുകയും കണ്ണിൽ കണ്ടതെല്ലാം തച്ചുതകർക്കുകയും അബ്ബാസിയാ ഖിലാഫത്ത് തൂത്തെറിയുകയും ചെയ്തുവെന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നു. ഹിജ്റ 656-ൽ ബഗ്ദാദിലെ അബ്ബാസി ഖിലാഫത്ത് താർത്താരികളാൽ തകർക്കപ്പെടുകയും മുസ്‌ലിം ലോകം അവരുടെ അധീനത്തിലാവുകയും ചെയ്തത് ചരിത്ര യാഥാർഥ്യമാണ്.

അവിശ്വാസികൾക്കുള്ള നരക പ്രദർശനം കാഹളമൂതുകയും വിചാരണസഭ നിലവിൽ വരുകയും ചെയ്യുമ്പോഴുള്ളതാണ്. വിചാരണയുടെ ഭാഗമാണത്. അവിശ്വാസികൾ സംശയിക്കുകയും തർക്കിക്കുകയും ചെയ്യുന്ന ഖുർആനിക സന്ദേശങ്ങളുടെ യാഥാർഥ്യം വിചാരണനാളിൽ അല്ലാഹു അവർക്കു ബോധ്യപ്പെടുത്തിക്കൊടുക്കുമെന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. ഈ ബോധ്യപ്പെടുത്തൽ വിചാരണയെത്തുടർന്നു അവർക്കെതിരെയുണ്ടാകുന്ന വിധിയുടെ നൈതികത ബോധ്യപ്പെടാനും ആവശ്യമാകുന്നു.

أَعْيُنُهُمْ فِى غِطَآءٍ എന്ന വാക്കിനെയാണ് അവരുടെ ദൃഷ്ടികൾ അന്ധതയിലായിരുന്ന എന്ന് തർജമ ചെയ്തിട്ടുള്ളത്. ഒരു വസ്തുവിനെ പൂർണമായി കവർ ചെയ്യുന്നതാണ് غِطَآء. അത് ഡപ്പിയാകാം, കൂടാകാം, ഉറയാകാം. ഇവിടെ ഉദ്ദേശിക്കുന്നത് അവരുടെ അന്തർദൃഷ്ടിയെയോ, മനോഗതത്തെയോ ആണ്. ذِكْرِى-എന്റെ ദിക്റ് ന്റെ വിവക്ഷ അല്ലാഹുവിനെക്കുറിച്ചുള്ള വിചാരമാകാം, അവന്റെ ആത്മീയോദ്ബോധനവുമാകാം. വിശുദ്ധ ഖുർആനും പ്രവാചകന്റെ ജീവിത മാതൃകയുമാണ് അല്ലാഹുവിന്റെ ഉദ്ബോധനം. അവയെക്കുറിച്ചൊന്നും ആലോചിച്ചു നോക്കാനോ അതിന്റെ പ്രബോധനം ചെവികൊടുത്തു കേൾക്കാനോ അവർ തീരെ തയാറായിരുന്നില്ല. അത്രക്ക് കടുത്ത ചുഛവും വെറുപ്പുമായിരുന്നു അവയോടവർക്ക്. ആത്മീയ യാഥാർഥ്യങ്ങളൊന്നും ആലോചിക്കാനാവാത്ത വണ്ണം ഭൗതിക പ്രമത്തത അവരുടെ മനസ്സുകളെ കീഴ്പ്പെടുത്തിയിരുന്നു. ഭൗതികമായ ക്ഷണിക രസം നൽകുന്നതല്ലാത്തതൊന്നും കേൾക്കാനാവാത്തവണ്ണം ചെവികൾക്കും അടപ്പിട്ടിരുന്നു. അത്തരം കാര്യങ്ങൾ ചിന്തിക്കുന്നതും കേൾക്കുന്നതും അവർക്കരോചകമായിരുന്നു.

**102.** ഈ സൂക്തം സംബോധന ചെയ്യുന്നത് പ്രവാചകൻ(സ) അഭിമുഖീകരിക്കുന്ന അവിശ്വാസികളെയാണ്. അവരോട് ചോദിക്കുന്നു: അല്ലാഹുവിനെ വെടിഞ്ഞ് അവന്റെ ചില അടിമകളെ ആരാധ്യരാക്കി പ്രസാദിപ്പിച്ച് പരലോകത്തു രക്ഷപ്പെട്ടുകളയാമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്? അവർ നമ്മോട് ശിപാർശ ചെയ്ത് വിചാരണയിൽനിന്നും ശിക്ഷാവിധിയിൽനിന്നും നിങ്ങളെ ഒഴിവാക്കിത്തരുമെന്ന് മോഹിക്കുകയാണോ? എന്നാൽ അത് വ്യാമോഹം മാത്രമാകുന്നു. അത്തരം സത്യനിഷേധികൾക്കെല്ലാം നാം നരകം ഒരുക്കിവെച്ചിട്ടുണ്ട്. അതുമാത്ര

മായിരിക്കും പരലോകത്ത് അവർക്ക് ലഭിക്കുന്ന സൽക്കാരം. ആരുടെയെങ്കിലും ഇടപെടൽ കൊണ്ടോ ശിപാർശ കൊണ്ടോ അതൊഴിവാക്കാനാവില്ല. അങ്ങനെ ഇടപെടാനും ശിപാർശ ചെയ്യാനും അധികാരമുള്ളവരാരുമില്ല.

**103–106.** സത്യനിഷേധികളുടെ വിശ്വാസവീര്യത്തിനും അഭിമാനത്തിനും കനത്ത ആഘാതമേൽപ്പിക്കുന്നതാണീ വചനങ്ങൾ. താൽപ്പര്യമിതാണ്: തങ്ങൾ വൻ വിജയത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണെന്ന്, തങ്ങൾ ചെയ്യുന്നതൊക്കെയും മഹത്തായ കാര്യങ്ങളാണെന്ന് അത്രെ ഈ ഭാഗ്യഹീനരുടെ മൂഢധാരണ. സത്യദൈവത്തെയും അവന്റെ ശാസനകളെയും തള്ളിക്കളയുന്ന എല്ലാവരുടെയും പൊതുസ്വഭാവമാണിത്. അവർ ബഹുദൈവാരാധകരാവട്ടെ, നാസ്തികരാവട്ടെ, നിർമത ഭൗതിക പ്രസ്ഥാനങ്ങളുടെ വാഹകരാവട്ടെ. തങ്ങൾ ചെയ്യുന്നതെന്താണോ അതാണവർക്ക് ലോകത്ത് ഏറ്റം സത്യവും ധർമവുമായിട്ടുള്ള മഹിത കർമം. അതിനെ അംഗീകരിക്കാത്തവരൊക്കെയും അജ്ഞരും മൂഢരുമാണ്. അല്ലെങ്കിൽ സ്വാർഥ ലാഭത്തിനുവേണ്ടി യാഥാർഥ്യത്തെ നിഷേധിക്കുന്ന നികൃഷ്ടരും ഉന്മൂലനം ചെയ്യപ്പെടേണ്ടവരുമായ പ്രതിലോമ ശക്തികളുമാണ്. യാഥാർഥ്യം അവർക്കൊന്നു പറഞ്ഞുകൊടുക്കാൻ പ്രവാചകനോടു കൽപ്പിക്കുകയാണിവിടെ. സകല പ്രയത്നങ്ങളും സമരങ്ങളും ഭൗതിക താൽപര്യങ്ങളിൽ മാത്രം കേന്ദ്രീകരിക്കുന്നവരാണ് പരലോകത്ത് ഏറ്റം പരാജിതരും നഷ്ടം ഭവിക്കുന്നവരും. ക്ഷണികമായ ഭൗതിക നേട്ടങ്ങളോടുള്ള ആർത്തി അല്ലാഹുവിന്റെ ധർമസൂക്തങ്ങളെയും ഒരു നാൾ അവനെ കണ്ടുമുട്ടുമെന്ന കാര്യത്തെയും നിർഭയം നിഷേധിക്കാൻ അവരെ ധൃഷ്ടരാക്കിയിരിക്കുന്നു. അതിനാൽ അവരുടെ കർമങ്ങൾ നശിച്ചുപോയിരിക്കുന്നു. حَبِطَتْ أَعْمَالُهُمْ എന്നാണ് മൂലവാക്യം. ഒരുകാര്യം അതിന്റെ ലക്ഷ്യത്തിനു വിപരീതമായി ഭവിക്കുന്നതിനാണ് حبط എന്നു പറയുക. അവർ തങ്ങളുടെ ഗുണത്തിന് എന്നു കരുതി ചെയ്ത കർമങ്ങളെല്ലാം ദോഷനിമിത്തങ്ങളായിത്തീരുന്നു എന്നാണിവിടെ ഉദ്ദേശ്യം. അതിനാൽ ആ കർമങ്ങൾക്കൊന്നും ഒരു മൂല്യവുമില്ലാതാകുന്നു. ഇന്ന് ബഹുകേമന്മാരായി സ്വയം വിലയിരുത്തുന്ന ഇക്കൂട്ടർക്ക് അന്ത്യനാളിൽ അല്ലാഹു ഒരു വിലയും കൽപ്പിക്കാൻ പോകുന്നില്ല. ആത്മവഞ്ചനയിലകപ്പെട്ട് നമ്മുടെ ധർമസൂക്തങ്ങളെ തള്ളിപ്പറയുകയും പ്രവാചകന്മാരെ പരിഹാസപാത്രങ്ങളാക്കുകയും ചെയ്തതിന്റെ പരിണത ഫലമായ നരകം മാത്രമാണവർക്കഭയം. ■

## തിരുത്ത്

2013 ജൂലൈ 19-ലെ (ലക്കം 2810) *ഖുർആൻ ബോധന*ത്തിൽ (പേജ് 30, കോളം 2) 'യവനർ ഇവരെ ഗാഗ് (Gag) മഗോഗ് (Magog) എന്നാണ് വിളിക്കുന്നത്' എന്നച്ചടിച്ചത് 'യവനർ ഇവരെ ഗോഗ് (Gog)...' എന്ന് തിരുത്തി വായിക്കേണ്ടതാണ്.
**- പത്രാധിപർ**

[redacted]